# പള്ളേരി ലക്ഷ്മി അമ്മ മെമ്മോറിയൽ യുപി സ്കൂൾ

## പുന്നോൽ

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

# പ്രൊഫൈൽ

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | പള്ളേരി ലക്ഷ്മിയമ്മ മെമ്മോറിയൽ യു.പി.സ്കൂൾ |
| 2. വിലാസം | : | പി.ഒ.പുന്നോൽ , തലശ്ശേരി,പിൻകോഡ്-670102 |
| 3. ഫോൺ | : | 0490 2359990 |
| 4. സ്കൂൾ കോഡ് | : | 14263 |
| 5. വില്ലേജ്/വാർഡ് | : | കോടിയേരി |
| 6. ക്ലസ്റ്ററിന്റെ പേര് | : | ജി.യു.പി.എസ്.പുന്നോൽ |
| 7. മുനിസിപ്പാലിറ്റി | : | തലശ്ശേരി |
| 8. ബി.ആർ,സി | : | തലശ്ശേരി സൗത്ത് |
| 9. ബി,ആർ.സി | : | തലശ്ശേരി-2 |
| 10. ബ്ലോക്ക് | : | തലശ്ശേരി |
| 11. ജില്ല | : | കണ്ണൂർ |
| 12. വിദ്യാഭ്യാസ ജില്ല | : | തലശ്ശേരി സൗത്ത് |
| 13. നിയമസഭാ മണ്ഡലം | : | തലശ്ശേരി |
| 14. ലോകസഭാ മണ്ഡലം | : | വടകര |
| 15. താലൂക്ക് | : | തലശ്ശേരി |
| 16. ഹെഡ്മിസ്ട്രസ് | : | ദിവ്യ സി കെ |
| 17. മൊബൈൽ നമ്പർ | : | 9495534848 |
| 18. ഇ-മെയിൽ | : | plmupschool@gmail.com |

## ആമുഖം

1931ൽ ആണ് ഈ വിദ്യാലയം സ്ഥാപിതമായത്. കുക്കൽ നാരായണൻ മാസ്റ്റർ മാനേജരും ഹെഡ്മാസ്റ്ററും ആയി പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയത്തിന്റെ ആദ്യനാമധേയം പുന്നോൽ യു.പി.സ്കൂൾ എന്നുമായിരുന്നു. തലശ്ശേരി വിദ്യാഭ്യാസ ജില്ലയിലെ 4 പ്രശസ്ത യു.പി.സ്കൂളുകളിൽ ഒന്നായിരുന്നു അന്നു ഈ വിദ്യാലയം. വർഷങ്ങളോളം ധാരാളം വിദ്യാർത്ഥികൾ പഠിച്ചിരുന്നു ഈ വിദ്യാലയത്തിൽ. ഓരോ ക്ലാസ്സിനും 3 ഡിവിഷൻ എന്ന നിലയിൽ മൊത്തം 9 ഡിവിഷനുകൾ ഉണ്ടായിരുന്നു.

1970ൽ ഗുളിയൻ തറവാടിന്റെ സഹായത്തോടെ സ്കൂളിന്റെ മാനേജ്മെന്റ് പുന്നോൽ ശ്രീ നാരായണം യോഗത്തിന്റെ കീഴിലായി. അത് വഴി സ്കൂൾ പുന്നോൽ ദേശവാസികളുടെ സ്വന്തം വിദ്യാലയമായി മാറി.

21-ാം നൂറ്റാണ്ട് പിറന്നതോടെ എയിഡഡ് സ്കൂളുകൾക്കും സംഭവിച്ച ദുരവസ്ഥ ഈ സ്കൂളിനും ബാധകമായി, ഇന്നു ഈ വിദ്യാലയം ഇക്കണോമിക്ക് ആണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, അധ്യാപകരും രക്ഷിതാക്കളും ദേശത്തെ പ്രമുഖ സ്ഥാപനങ്ങളും ദേശവാസികളും ഈ വിദ്യാലയത്തെ പൂർവ്വസ്ഥിതിയിലെത്തിക്കാനുള്ള കഠിന യത്നത്തിലാണ്. ആസന്നഭാവിയിൽ തന്നെ ആ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടും എന്ന ശുഭപ്രതീക്ഷ ഞങ്ങൾക്കുണ്ട്.

സ്കൂളിലെ മൊത്തം വിദ്യാർത്ഥികളുടെ എണ്ണം : 50

അധ്യാപകരുടെ എണ്ണം : 4

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടു നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ

വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വയ്ക്കുന്നത് . വികസനോന്മുഖമായ ഒരു സമൂഹനിർമിതിക്ക് ഉതകുന്നവിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇതിന്റെ ദൗത്യം .

കേരളം മറ്റു പല രംഗങ്ങളിലുമെന്നപോലെ വിദ്യാഭ്യാസരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് . വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും വിദ്യാഭ്യാസവകുപ്പിന്റെ നേതൃത്വപരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രോജക്ടുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട് . അതിലെല്ലാമുപരി അധ്യാപകസമൂഹത്തിന്റെ അക്ഷീണപ്രയത്നം ഇതിനു ഉത്തേജകമായിട്ടുണ്ട്.

സംസ്ഥാനത്ത് നടപ്പിലാക്കിയ 'പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം' വിദ്യാഭ്യാസരംഗത്ത് അഭൂതപൂർവമായ ഉണർവ് സൃഷ്ടിച്ചു . ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമികരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. പൊതുവിദ്യാലയങ്ങളിലേക്ക് മുൻകാലങ്ങളിലില്ലാത്തവിധം ലക്ഷക്കണക്കിന് കുട്ടികൾ പുതിയതായി വന്നുചേർന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക് മാസ്റ്റർപ്ലാനുകൾ തയാറാക്കി . ദേശീയ അന്തർദേശീയതലങ്ങളിൽ നടന്ന വിവിധ പഠനങ്ങളിൽ കേരളം വിദ്യാഭ്യാസത്തിൽ ഏറെ മുന്നിലാണെന്ന് സൂചിപ്പിച്ചിട്ടുണ്ട് .

സുസ്ഥിര വികസന സൂചികകളിൽ മേൽക്കൈ നേടുവാൻ നമ്മെ സഹായിച്ചു. പൊതുവിദ്യാഭ്യാസരംഗത്തെ മുന്നേറ്റം കൂടിയാണ് .

നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക് മാസ്റ്റർപ്ലാൻ . പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മുൻവർഷങ്ങളിൽ വിദ്യാലയങ്ങൾ തയാറാക്കിയ അക്കാദമിക മാസ്റ്റർപ്ലാനുകൾ വേണ്ടത്ര ഫലപ്രദമായി നടപ്പാക്കാൻ പ്രളയം , മഹാമാരി തുടങ്ങിയ കാരണങ്ങളാൽ നമുക്ക് കഴിയാതെ വന്നിട്ടുണ്ട് .അനുസ്യൂതം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ കാലാനുസൃതമായ മാറ്റങ്ങളോടെ അക്കാദമിക മാസ്റ്റർപ്ലാൻ പുനർനിർമിക്കേണ്ടതുണ്ട് . 2022 ൽ ആരംഭിക്കുന്ന 14 -ാം പഞ്ചവത്സരപദ്ധതികാലത്ത് നമ്മുടെ വിദ്യാലയങ്ങൾ ഏത് തരത്തിൽ ആയിത്തീരണം എന്നു വിഭാവനം ചെയ്യണം. അത്തരത്തിലാകുന്നതിന് തടസം നിൽക്കുന്ന പ്രശ്നങ്ങളെ സ്കൂൾ തലത്തിൽ ചർച്ചചെയ്തു കണ്ടെത്തണം. ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനായുള്ള പ്രവർത്തനങ്ങൾ കൂട്ടായി കണ്ടെത്തുകയും അവയ്ക്ക് മുൻഗണന നിശ്ചയിക്കുകയും വേണം . പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ലോകത്താകമാനം വന്ന മാറ്റങ്ങൾ , കോവിഡാനന്തരം പഠനബോധനരീതികളിൽ വന്ന മാറ്റങ്ങൾ , സുസ്ഥിരവികസന സൂചികകൾ സർക്കാർ നടപ്പാക്കുന്ന വിദ്യാ കിരണം പദ്ധതി , കേന്ദ്രസർക്കാരിന്റെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ സാധ്യതകൾ എന്നിവയെല്ലാം പരിഗണിക്കേണ്ടതുണ്ട് . വിദ്യാഭ്യാസവകുപ്പ് , എസ്.എസ്.കെ. , എം.പി. , എം.എൽ.എ. , പി.ടി.എ, മറ്റ് സന്നദ്ധസംഘടനകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിദ്യാഭ്യാസപദ്ധതികളെ പരമാവധി പ്രയോജനപ്പെടുത്തുകയും അവയോട് ചേർന്നുള്ള പദ്ധതികൾ രൂപപ്പെടുത്തുകയും വേണം.

**<u>ലക്ഷ്യങ്ങൾ</u>**

ഓരോ വിദ്യാർഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. വിദ്യാർഥികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ , കായിക പ്രവൃത്തി-പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലബോറട്ടറി , ലൈബ്രറി , കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു .

സുസ്ഥിരവികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ വിദ്യാർഥി സൗഹൃദമായി രൂപകൽപ്പന ചെയ്യുകയും വിദ്യാർഥികളോടൊപ്പം സമൂഹത്തിനാകെ ഉപയോഗപ്രദമാക്കുന്നു .

ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു .

വിദ്യാർഥികളും വിദ്യാർഥികളും തമ്മിലും വിദ്യാർഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു .

ഓരോ വിദ്യാർഥിയേയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യ മാകുന്നതരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു .

പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

# പൊതുവിദ്യാഭ്യാസ വികസന യജ്ഞം

## ഇതുവരെയുള്ള പ്രവർത്തനങ്ങൾ

1. മാനേജ്മെന്റ്, സ്കൂൾ സ്റ്റാഫ്, പൗരപ്രമുഖർ, പൂർവ്വവിദ്യാർത്ഥികൾ എന്നിവരടങ്ങുന്ന വിപുലമായ കമ്മിറ്റി രൂപീകരിച്ചു. മികച്ച രീതിയിൽ പ്രവൃത്തിച്ചു വരുന്നു.

2.കമ്മിറ്റിയുടെ ശ്രമഫലമായി വിദ്യാലയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലെത്തി നിൽക്കുന്നു.

3. ഡിപ്പാർട്ട്മെന്റ് നിർദ്ദേശിച്ച എല്ലാ പരിപാടികളും യഥാവിധി നടപ്പിലാക്കി വരുന്നുണ്ട്.

4. ദേശത്തിന്റെ ഓരോ പ്രദേശത്തെയും ഓരോ സ്ക്വാഡ് രൂപീകരിച്ചു. വീടുകൾ സന്ദർശിച്ചു. പരമാവധി വിദ്യാർത്ഥികളെ ഈ വിദ്യാലയത്തിൽ ചേർപ്പിക്കാനുള്ള തീവ്രശ്രമം നടന്നു വരുന്നുണ്ട്.

5. വാർഷികാഘോഷം പരിപാടികളും അക്കാദമിക്ക് വർഷത്തിൽ ഉള്ള എല്ലാ വിശേഷ ദിന പരിപാടികളും കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തന്നെ നടത്തിവരുന്നുണ്ട്.

## ഭാവി പ്രവർത്തനങ്ങൾ

സ്കൂളിനെ ഒരു സമ്പൂർണ്ണ വിദ്യാലയമാക്കി മാറ്റാനുള്ള എല്ലാ ശ്രമങ്ങളും കമ്മിറ്റിയുടെ ഏകോപിച്ചുള്ള പ്രവർത്തനമികവിലൂടെ നേടിയെടുക്കുക എന്നതാണ് ഈ കമ്മിറ്റിയുടെ ലക്ഷ്യവും മാർഗ്ഗവും.

ഈ ലക്ഷ്യം സാധിതമാകുമെന്ന ഉറച്ച വിശ്വാസത്തോടെ ഈ മാസ്റ്റർപ്ലാൻ വിനയപുരസ്സരം സമർപ്പിച്ചുകൊള്ളട്ടെ.

# പൊതുലക്ഷ്യങ്ങൾ

1. വിദ്യാലയത്തെ അക്കാദമിക്കുതലത്തിലും പാഠ്യേതര പ്രവർത്തന മേഖലയിലും ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയിലും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക.

2. സ്മാർട്ട് ക്ലാസ്റൂം ഒരു യാഥാർത്ഥ്യമാക്കി മാറ്റുക.

3. സാമൂഹ്യപ്രതിബദ്ധതയും ദേശസ്നേഹവും പൗരബോധവും വളർത്തിയെടുക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കികൊടുക്കുക.

4. സർഗ്ഗധനരായ വിദ്യാർത്ഥികളെയും വിവിധ മേഖലകളിൽ നല്ല പ്രാവിണ്യം പ്രകടമാക്കുന്ന വിദ്യാർത്ഥികളെയും അവർക്കു ഉയരങ്ങളിലെത്താനാകുന്ന എല്ലാ പ്രോത്സാഹനവും സഹായവും നൽകുക.

5. എഴുത്തും വായനയും അടിസ്ഥാനഗണിത തത്വങ്ങളും അറിയാത്ത ഒരു വിദ്യാർത്ഥി പോലും ഉണ്ടാവരുത് എന്നത് ഉറപ്പ് വരുത്തുക.

6. വായു, വെള്ളം, മണ്ണ് ഇവയുടെ പ്രാധാന്യം എത്രമാത്രം വലുതാണ് എന്നു പ്രായോഗിക തലത്തിലും ഉദ്ബോധനതലത്തിലും ബോധവാന്മാരാക്കി അവരെ പാരിസ്ഥിതിക മൂല്യം ഉൾക്കൊള്ളുന്നവരാക്കി മാറ്റുക.

7. ചിട്ടയും അച്ചടക്കവും അക്കാദമിക്ക് മികവും ഉള്ള ഒരു വിദ്യാലയം ആയി വിദ്യാലയത്തെ മാറ്റിയെടുക്കുക.

# ഐ ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കമ്പ്യൂട്ടർ | -------- | ------------ |
| ലാപ്ടോപ് | 2 | 4 |
| പ്രൊജക്ടർ | 1 | 2 |
| ടി വി | 1 | - |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | - |
| ബ്ലോഗ് | ഇല്ല | - |
| ഇ- മെയിൽ ഐ ഡി | ഉണ്ട് | - |
| സ്മാർട്ട് ക്ലാസ് റൂം | ഇല്ല | ആവശ്യമുണ്ട് |
| ഇന്ററാക്ടിവ് | ഇല്ല | ആവശ്യമുണ്ട് |

# വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള സംവിധാനങ്ങൾ

## പിടിഎ

54 മെമ്പർമാർ അടങ്ങുന്ന ഒരു പിടിഎ ഈ സ്കൂളിനുണ്ട്. വിദ്യാലയത്തിലെ എല്ലാ പരിപാടികളും പിടിഎയുടെ സജീവ സാന്നിദ്ധ്യവും സഹകരണവും ഉണ്ട്.

## എസ്.ആർ.ജി

വിദ്യാലയത്തിലെ പാഠ്യപ്രവർത്തനങ്ങൾ എസ്.ആർ.ജിയിൽ ചർച്ച ചെയ്യുന്നു. പിന്നോക്ക നിലവാരക്കാരെ മുന്നോക്ക നിലവാരത്തിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുന്നു,

## എസ്.എസ്.ജി

വിദ്യാലയത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും സഹകരിക്കുന്നു. എസ്.എസ്.ജിയിൽ 10 അംഗങ്ങൾ പ്രവർത്തിച്ചു വരുന്നു.

## ലൈബ്രറി

വിദ്യാലയത്തിൽ 1800 ഓളം പുസ്തകങ്ങൾ ഉണ്ട്. അത് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഉപകാരപ്രദമായിതീരുന്നു.

## ജാഗ്രത സമിതി

എച്ച്.എം., കൗൺസിലർ, പിടിഎ പ്രസിഡന്റ്, രണ്ട് അദ്ധ്യാപകർ എന്നിവർ ചേർന്ന ജാഗ്രത സമിതി നിലവിലുണ്ട്.

## ഗണിത ക്ലബ്ബ്

ഗണിത ക്ലബ്ബിൽ 5, 6, 7 ക്ലാസിലെ ഗണിതത്തിൽ താൽപര്യമുള്ള ___ വിദ്യാർത്ഥികളുണ്ട്. ഗണിത ക്ലബ്ബ് സ്പോൺസർ ആയി ലിജു മാസ്റ്റർ പ്രവർത്തിച്ചു വരുന്നു .

## ശുചിത്വ ക്ലബ്ബ്

സ്ക്വാഡുകളായി തിരിച്ച് ചുമതലകൾ നൽകി ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നു.

## കലാസാഹിത്യവേദി

വിദ്യാരംഗം കലാസാഹിത്യവേദിയിലേക്ക് കലാസാഹിത്യരംഗങ്ങളിൽ താൽപര്യമുള്ള ___ വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു.

## സയൻസ് ലാബ്

ലാബില്ലാത്തതിനാൽ ഉപകരണങ്ങൾ വേണ്ടവിധം സൂക്ഷിക്കാൻ സാധിക്കുന്നില്ല.

# Academic Master Plan

# “മലയാളം“

<u>ആമുഖം</u>

മലയാളഭാഷ കൃത്യമായി ഉപയോഗിക്കാൻ പര്യാപ്തമാക്കുംവിധം കുട്ടികളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് "മലയാളം, എന്റെ മലയാളം" എന്ന പദ്ധതി നടപ്പിലാക്കുന്നത്. കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സ്കൂൾ മാഗസിൻ പ്രകാശനത്തിലൂടെ ഈ പദ്ധതി പൂർണതയിലെത്തിക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും എല്ലാവരുടെയും സഹകരണത്താൽ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു .

<u>കാഴ്ചപ്പാട്</u>

" കേരളത്തിലെ ഓരോ വിദ്യാർഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ വിദ്യാലയത്തിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠനരീതികളും സംജാതമാവുന്നു ."

<u>ലക്ഷ്യങ്ങൾ</u>

- ഓരോ വിദ്യാർത്ഥിയെയും മലയാളം തെറ്റുകൂടാതെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.
- വിദ്യർത്ഥികളുടെ സർഗ്ഗപരമായ സൃഷ്ടികൾക്ക് ഒരിടം ഒരുക്കുക.
- വിദ്യാർത്ഥിളുടെ സർഗ്ഗശേഷി വികസിപ്പിക്കുക.
- സ്കൂൾ മാഗസിൻ പ്രകാശനം ചെയ്യൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം / ചുമതല |
|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:**<br>അവധിക്കാലത്ത് കുട്ടികളുടെ വായനാശീലം വളർത്തുന്നതിന് വേണ്ടി ലൈബ്രറി ബുക്കുകൾ നൽകുകയും വായനകുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു. വായനക്കുറിപ്പുകൾ ചേർത്ത് പുസ്തകം തയ്യാറാക്കുന്നു | ജൂൺ/ മലയാളം അധ്യാപകൻ |
| | പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ/ മലയാളം അധ്യാപകൻ |
| | **ഭാഷാകേളി:**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ-ഓഗസ്റ്റ് മലയാളം അധ്യാപകൻ |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോ ഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | |
| 2) പഠിതാവിൽ അർത്ഥ പൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:**<br>പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | പ്രതിദിനം/ മലയാളം അധ്യാപകൻ |

| | | |
|---|---|---|
| 3)പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | രംഗാവിഷ്കാരം:<br><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br><br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക വർഷം /PTA, അദ്ധ്യാപകർ |

# Academic Master Plan

# ENGLISH

Aim : To speak, Read, & write English without any mistakes.

Time : June -February.

| Objective | Activity | Time |
|---|---|---|
| **Conducting a pretest to find out the under-achieved students.** | Reading activity, Writing activity, Speaking activity.<br>After grading, based on the above mentioned activities, the students requiring more attention should be grouped together and given remedial classes. | June |
| **Listening skills** | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യ ങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു.<br><br>Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശ ങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു.<br><br>Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | June -February |

| | | |
|---|---|---|
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | |
| **Speaking skills** | Descriptions, growing sentences , picture reading, picture description, self introduction ,Assembly activities- speech , book review, quiz, riddles,self introduction. School radio etc | June -February |
| ● **Reading skills** | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിന യത്തിന് പ്രോത്സാഹനം നൽകുന്നു.<br>I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കു വാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്)<br>Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെ ടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെ ത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | June -February |

| | | |
|---|---|---|
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കു വാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | |
| • **Writing skill** | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു.<br>Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമു കളിലുമായി പ്രദർശിപ്പിക്കുന്നു.<br>Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു.<br>Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | June-Feb |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# ഹിന്ദി

ലക്ഷ്യം- യു. പി തലത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഹിന്ദി വാചകങ്ങൾ വായിക്കാൻ സാധിക്കണം.

പ്രവർത്തനങ്ങൾ

| Programme | Activity | Duration | TLM | Support |
|---|---|---|---|---|
| UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരകാർഡ് : വാക്കുകൾ എഴുതിയ കാർഡ് .<br>• ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>• ഓൺലൈൻ അക്ഷരമാല കളികൾ<br>• വാക്കുകൾ നിർമ്മിക്കൽ<br>• വാക്യങ്ങളുടെ നിർമ്മാണം | June to August | അക്ഷര ചാർട്, പാഠപുസ്തകം | Hindi Teacher |
| പഠിതാവിൽ അർഥപൂർണമായ വായന ഉറപ്പ് വരുത്തൽ പഠിക്കുക | **വാർത്ത ലോകത്തേക്ക്** -പത്രം,ആഴ്ചപ്പതിപ്പ് , മാഗസിൻ എന്നിവ വായിക്കുകയും ഉച്ചാരണ ശുദ്ധി വളർത്തുകയും ചെയ്യുന്നു | June-Feb | | PTA, Hindi Teacher |
| ആശയങ്ങൾ തെറ്റ് കൂടാതെ | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ | June-March | | |

| | | | | |
|---|---|---|---|---|
| പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി ) | • ക്ലാസ് ലൈബ്രറി<br>• അധിക വായനാ സാമഗ്രികൾ<br>• ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറിപ്പ്<br>• ചിത്രം കഥപറയൽ<br>• കഥ പൂർത്തീകരിക്കുക<br>• വായനമൂല<br>• ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# ഗണിതശാസ്ത്രം

<u>ആമുഖം</u>

തെളിമയുള്ള ചിന്ത, അടിസ്ഥാന പ്രമാണങ്ങളിൽ നിന്ന് യുക്തിപൂർവ്വം നിഗമനങ്ങളിലെത്താനുള്ള കഴിവ്, അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യാനുള്ള ശേഷി, പ്രശ്നങ്ങൾ ചിട്ടയായി വിശകലനം ചെയ്യാനും നിർദ്ധരണം ചെയ്യാനുള്ള സന്നദ്ധത എന്നിവയാണ് ഗണിതപഠനത്തിലൂടെ നേടേണ്ട ശേഷികളായി ദേശീയ പാഠ്യപദ്ധതി ചട്ടക്കൂട് വിഭാവനം ചെയ്യുന്നത്. ഗണിത പഠനത്തിന്റെ വിവിധ ഘട്ടങ്ങളിൽ നേടേണ്ട ശേഷികൾ കൃത്യമായും സ്പഷ്ടമായും ആർജിക്കുന്നതിലൂടെയാണ് ഈ ലക്ഷ്യങ്ങൾ കൈവരിക്കാനാകുക.

ഗണിതം വിഷമകരമായ വിഷയമായാണ് പൊതുവെ പരിഗണിക്കപ്പെടുന്നത്. അമൂർത്തങ്ങളായ ആശയങ്ങളാണ് പഠിക്കേണ്ടത് എന്നതാണ് പ്രധാന കാരണം. എന്നാൽ പ്രവർത്തനാധിഷ്ഠിതവും പഠനസാമഗ്രികൾ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ളതുമായ പഠനരീതി നിലവിൽ വന്നതിനുശേഷം ഈ അവസ്ഥ മാറിയിട്ടുണ്ട്.

പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന രീതിയിലുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ആവശ്യമായ പിന്തുണ നൽകുന്നത് അവർക്ക് ആത്മവിശ്വാസവും ദിശാബോധവും ഉണ്ടാകുന്നതിന് സഹായകമാകും. ഈ ഉദ്ദേശത്തോടെയാണ് യു.പി ഗണിത ശാസ്ത്രത്തിൽ ഈ പ്രവർത്തന പദ്ധതിക്ക് രൂപം നൽകിയത്.

# പൊതുലക്ഷ്യങ്ങൾ

- വിദ്യാർത്ഥികളിൽ ഗണിതപഠനത്തോട് അനുകൂലമനോഭാവം ജനിപ്പിക്കുക.
- ഗുണനക്രിയകൾ എളുപ്പത്തിൽ ചെയ്യാൻ പ്രാപ്തരാക്കുക.
- ഗുണനപ്പട്ടിക രൂപീകരിക്കുന്ന രീതിയെക്കുറിച്ച് ധാരണ നേടുന്നു.
- ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.
- ദൈനംദിന ജീവിതത്തിൽ ചതുഷ്ക്രിയകളുടെ പ്രാധാന്യം കുട്ടികൾ തിരിച്ചറിയുന്നു.
- കൃത്യതയോടും സൂക്ഷ്മതയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസിലാക്കുന്നതിനും കുട്ടികൾ പര്യാപ്തരാകുന്നു.

| ക്രമ ന: | പഠന പ്രശ്നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|---|
| 1. | ഒരുക്കങ്ങൾ | 5,6,7 ക്ലാസിലെ കുട്ടികളിൽ ഗുണനത്തിൽ പ്രയാസമുള്ളവരെ കണ്ടെത്തുക | • പ്രീടെസ്റ്റ് നടത്തി ഗുണനത്തിൽ പ്രയാസമുള്ളവരെ കണ്ടെത്തുന്നു.<br>• ഗുണനം വർക്ക് ഷീറ്റുകൾ ശേഖരിക്കുന്നു. തികയാത്തത് തയ്യാറാക്കുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | ഗണിത ശാസ്ത്ര അധ്യാപകൻ, PTA |
| 2. | പാഠപുസ്തക പ്രവർത്തനങ്ങൾ എളുപ്പമാക്കാൻ | അടിസ്ഥാന ഗണിത ക്രിയ ശേഷികൾ എല്ലാവർക്കും ഉറപ്പ് വരുത്തുന്നു | **ഗണിത ശിൽപശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പ് വരുത്താനുള്ള പ്രവർത്തനങ്ങൾ<br>**ശിൽപശാല**<br>ടാൻഗ്രാം ശിൽപശാലയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള | ഒരു വർഷം | ഗണിത ശാസ്ത്ര അധ്യാപകൻ |

| | | | | | |
|---|---|---|---|---|---|
| | | | പരിശീലനം നൽകൽ . വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു .<br>**IT സാധ്യതകളിലൂടെ -**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം,പോലുള്ള പ്രവർത്തനങ്ങൾ IT സാധ്യത ഉപയോഗപ്പെടുത്തി ചെയ്യുന്നു | മാസത്തിൽ ഒരു തവണ | ഗണിത ശാസ്ത്ര അധ്യാപകൻ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

# സാമൂഹ്യശാസ്ത്രം

<u>ആമുഖം</u>

ചരിത്രാവബോധം വളർത്താനം ചരിത്രവിശകലനം നടത്തി കുട്ടികളെ സഹായിക്കാനും അതിന്റെ വെളിച്ചത്തിൽ സമൂഹത്തെ മെച്ചപ്പെടുത്താനും അവരെ സജ്ജരാക്കുക. കൂടാതെ ഔദ്യോഗിക, അനൗദ്യോഗിക സാമൂഹ്യ സന്നദ്ധസംഘടന യുമായി ചേർന്നുകൊണ്ട് സമൂഹത്തിന്റെ മാറ്റത്തിൽ ഭാഗവാക്കാക്കുക,കുട്ടികളിൽ സാമൂഹ്യബോധം ഊട്ടി ഉറപ്പിക്കുക തുടങ്ങിയവ ലക്ഷ്യമിടുന്നു.

**പൊതുലക്ഷ്യങ്ങൾ**

- സാമൂഹ്യശാസ്ത്രത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഉയർന്നഗ്രേഡോടെ വിജയിക്കുന്നതിനുള്ള അവസരം ഉണ്ടാക്കുക.
- 5, 6, 7 ക്ലാസ്സുകളിൽ സാമൂഹ്യപഠനത്തിലൂടെ നേടേണ്ട ശേഷികൾ വിദ്യാർത്ഥികൾ നേടുന്നുണ്ടെന്ന് ഉറപ്പു വരുത്തുക
- ഭൂപടവായനയിൽ എല്ലാവർക്കും മികവുണ്ടാക്കുക
- ആനുകാലിക സംഭവവികാസങ്ങൾ ചർച്ച ചെയ്യാൻ കുട്ടികളെ പ്രാപ്തരാകുക

| ലക്ഷ്യം | ക്ലാസ് | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ പരിശോധിക്കൽ, നേടിയെടുക്കൽ<br>. | 5, 6,7 | പ്രീ ടെസ്റ്റ് നടത്തി എത്രമാത്രം അറിവുകളുണ്ടെന്നു പരിശോധിക്കൽ.<br>**അങ്കത്തട്ട് -**<br>പഠിതാവിന്റെ അടിസ്ഥാന അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപിക |
| അടിസ്ഥാന അറിവുകൾ നേടിയെടുക്കൽ | 5,6,7 | **ഓർമച്ചെപ്പ്**<br>അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യത ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു.<br>**Virtual Field Trip**<br>ഐസിടി സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രർശിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സാമൂഹ്യ ശാസ്ത്ര അധ്യാപി ക |
| പത്രപാരായണത്തിലൂടെ ആനുകാലിക സംഭവങ്ങൾ അറിയാം | 5,6,7 | പത്രവായന, പത്ര ക്വിസ്<br><br>പ്രതിവാര ക്വിസ് | ജൂൺ മുതൽ മാർച്ച് വരെ | സാമൂഹ്യ ശാസ്ത്ര അധ്യാപി ക |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# അടിസ്ഥാന ശാസ്ത്രം

## ആമുഖം

പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന രീതിയിലുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ആവശ്യമായ പിന്തുണ നൽകുക ,വിദ്യാർഥികൾ നേടേണ്ട ശേഷികൾ പരീക്ഷണ-നിരീക്ഷണങ്ങളിലൂടെ ആർജ്ജിക്കുക, ശാസ്ത്ര പഠനങ്ങളിൽ താല്പര്യമുണ്ടാക്കുക,പരിസര ശുചിത്വം വ്യക്തി ശുചിത്വം ഇവ ഉണ്ടാക്കിയെടുക്കുക എന്നീ ഉദ്ദേശത്തോടെയാണ് ഈ പ്രവർത്തന പരിപാടിക്ക് രൂപം നൽകിയത്.

## പൊതു ലക്ഷ്യങ്ങൾ

- വിദ്യാർത്ഥികളിൽ ശാസ്ത്ര പഠനത്തോട് താല്പര്യം ജനിപ്പിക്കുക
- 5 ,6 ,7 ക്ലാസ്സുകളിൽ ശാസ്ത്രപഠനത്തിലൂടെ നേടേണ്ട ശേഷികൾ നേടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
- ശാസ്ത്രലാബിനെ സജ്ജീകരിക്കൽ
- ശാസ്ത്രപ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ .
- ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസിലാക്കാൻ .

| പ്രശ്നങ്ങൾ/ലക്ഷ്യങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് ശാസ്ത്രപരീക്ഷണങ്ങൾ ചെയ്യുന്നു. പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക,ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവ് വർധിപ്പിക്കുക | eXpo-ExPLORE<br>ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ |

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാൽക്കരിക്കപ്പെടുന്നു
- വിദ്യാലയ പ്രവേശന നിരക്ക് വർധിക്കുന്നു
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു .
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു .

## മോണിറ്ററിംഗ് രീതി

സോഷ്യൽ മോണിറ്ററിങ് രീതി (PTA ,MPTA ,SSG ,SRG എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കണം .

ദൈനംദിന മോണിറ്ററിങ് HM / SRG കൺവീനർ എന്നിവരുടെ നേതൃത്വത്തിൽ നടത്താം .

# ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവത്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ് . ഈ കെടുതികൾക്ക് സമഗ്രവും ശാസ്ട്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരും ഈ യജ്ഞത്തിൽ പങ്കാളികളാകുക. നാട്യങ്ങളേതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെവിദ്യാലയത്തിന്റെ പൈതൃകവറും മാതൃകവും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു .